"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - ഉള്ളിയേരി ഗ്രാമപഞ്ചായത്ത് - മാമ്പൊയിൽ ആക്കപറമ്പത്ത് അംഗൻവാടി റോഡ്- എസ്റ്റിമേറ്റ് അധികരിച്ച് ചെയ്ത പ്രവർത്തിക്ക് തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.850/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/05/2020**

---

**പരാമർശം:-** പഞ്ചായത്ത് ഡയറക്ടറുടെ 31/05/2019 ലെ ജെ1-4117/2019 നമ്പർ കത്ത്.

**ഉത്തരവ്**

ഉള്ളിയേരി ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡിൽ ഉൾപ്പെട്ട മാമ്പൊയിൽ ആക്ക പറമ്പത്ത് താഴെ അംഗനവാടി റോഡ് പ്രവൃത്തിക്ക് വേണ്ടി ബഹു. എം പി ശ്രീ എം കെ രാഘവൻ അവർകളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മൂന്ന് ലക്ഷം രൂപ അനുവദിച്ച് അംഗൻവാടി റോഡ് പ്രവൃത്തി നടന്നുവെന്നും. എസ്റ്റിമേറ്റ് പ്രകാരം 3 ലക്ഷം രൂപയ്ക്ക് 98 മീറ്റർ മാത്രമേ ഗതാഗത യോഗ്യമാക്കുന്നതിനു കഴിയുമായിരുന്നുള്ളുവെന്നും. എന്നാൽ അംഗൻവാടി വരെ 158 മീറ്റർ നീളമുണ്ടെന്നും. പ്രദേശവാസികളുടെ ശക്തമായ ആവശ്യത്തെ തുടർന്ന് അംഗൻവാടി വരെയുള്ള റോഡ പൂർത്തീകരിച്ചുവെന്നും. ആയതിന് അധികരിച്ച് ചെലവഴിച്ച 153185.9 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉള്ളിയേരി ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡിൽ ഉൾപ്പെട്ട മാമ്പൊയിൽ ആക്ക പറമ്പത്ത് താഴെ അംഗനവാടി റോഡ് പ്രവർത്തിക്ക് എസ്റ്റിമേറ്റിൽ അധികരിച്ച് ചെയ്ത പ്രവർത്തിയുടെ തുകയായ 153185.9 രൂപ (ഒരു ലക്ഷത്തി അമ്പത്തിമൂവായിരത്തി ഒരുനൂറ്റി എമ്പത്തഞ്ചു രൂപ തൊണ്ണൂറു പൈസ) കൺവീനർക്ക് തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിൽ കുമാർ ജി**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, ഉള്ളിയേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം..

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

S- Bindu

**സെക്ഷൻ ഓഫീസർ**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ